നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ആംബുലൻസ്

29 [34] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ആംബുലൻസ് അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലേക്ക് ഒരു ആംബുലൻസ് വാൻ വാങ്ങുന്നതിനുവേണ്ട അനുമതി 11-2-1986-ൽ സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട് : അതനുസരിച്ച് ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി അവിടെ ഒരു ആംബുലൻസ് വാൻ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക്

30 [35] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് തുറക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടില്ല. അടുത്ത വർഷം ബഡ്ജറിലെ സാമ്പത്തിക ലഭ്യതയനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ 100 കിടക്കകളുടെ ഒരു വാർഡ്

31 [36] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിനുള്ള നടപടികൾ എത്രയ്ക്ക് പുരോഗമിക്കുന്നുണ്ട് ?

ഉത്തരം

നെടുമങ്ങാട് താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രിയിൽ 100 കിടക്കകളോടുകൂടിയ ഒരു വാർഡ് പണിയുന്നതിനുള്ള അടങ്കലിന് 12-4-1985-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇക്കൊല്ലത്തെ ബഡ്ജറിൽ ആവശ്യമായ തുക ഇല്ലാത്തതുകൊണ്ട് ഇതുവരെയും പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly